കെട്ടിമേച്ചിൽ നടത്തിയിട്ടില്ലാത്ത സ്കൂളുകൾ

* 34 [34] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
ശ്രീമതി ഭാർഗവി തങ്കപ്പൻ:
ശ്രീ. കെ. ടി. കുമാരൻ:
,, വി.കെ. രാജൻ:
,, കെ.ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം കെട്ടിമേച്ചിൽ നടത്തിയിട്ടില്ലാത്ത ഗവൺമെൻറ് സ്കൂളുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) അവയുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇനിയും കെട്ടിമേച്ചിൽ നടത്തിയിട്ടില്ലാത്ത എല്ലാ സ്കൂളുകളും മഴക്കാലത്തിന് മുൻപായി കെട്ടിമേയുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിൻെറ കാരണമെന്ത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഉണ്ട്. 34 (മുപ്പത്തിനാല്) സ്കൂളുകൾ.

(ബി)

തിരുവനന്തപുരം	4
കൊല്ലം	ഇല്ല
പത്തനംതിട്ട	2
ആലപ്പുഴ	ഇല്ല
കോട്ടയം	3
ഇടുക്കി	10
എറണാകുളം	1
തൃശൂർ	1
പാലക്കാട്	ഇല്ല
മലപ്പുറം	13
കോഴിക്കോട്	ഇല്ല
വയനാട്	ഇല്ല
കണ്ണൂർ	ഇല്ല
കാസർകോഡ്	ഇല്ല

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly